**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3398** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ കായിക വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിന് വേണ്ട പ്രാധാന്യം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2013 -ലെ പാഠ്യപദ്ധതി പരിഷ്കരണത്തിൽ 'ആരോഗ്യ കായിക വിദ്യാഭ്യാസം' സഹ വൈജ്ഞാനിക മേഖലയിൽ നിന്നു മാറ്റി വൈജ്ഞാനിക മേഖലയിൽ ഉൾപ്പെടുത്തുകയും ശാസ്ത്രീയമായ ഒരു പാഠ്യ പദ്ധതി ഇതിനായി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കായിക പരിശീലനം ഒരു പാഠ്യവിഷയമായി സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുകയും, കായിക സിലബസ് പരിഷ്കരിക്കുയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ ഇന്റഗ്രേറ്റഡ് സബ്ജക്ടായും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പാഠപുസ്തകവും മൂന്നു ടേമിലും തിയറി, പ്രാക്ടിക്കൽ പരീക്ഷകളോടും കൂടിയ പാഠ്യപദ്ധതിയായും, 11, 12 ക്ലാസുകളിൽ പിരീഡുകളായും ആരോഗ്യ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സ്കൂളുകളിൽ മതിയായ എണ്ണം കായികാധ്യാപകരുടെ തസ്തികകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രൈമറിയിൽ 500 കുട്ടികൾ ഉള്ള യു.പി വിഭാഗത്തിലും ആഴ്ച്ചയിൽ 5 പിരീഡുകളുള്ള, പൂർണ്ണ ഹൈസ്കൂളിന്റെ പദവിയുള്ള മുഴുവൻ ഹൈസ്കൂൾ വിഭാഗങ്ങളിലും KER പ്രകാരം ഒരു കായികാദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്. |
| (സി) | കായികാധ്യാപകരുടെ കുറവുമൂലം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിൽ കായിക വിദ്യാഭ്യാസം വേണ്ട രീതിയിൽ നടത്താനാവാത്ത സാഹചര്യമുണ്ടോയെന്ന് അറിയിക്കാമോ; | (സി) | കായികാധ്യാപക തസ്തിക അനുവദിക്കുന്നതിന് നിലവിൽ കെ.ഇ.ആർ പ്രകാരമുള്ള വ്യവസ്ഥകളാണ് പാലിച്ചു പോരുന്നത്. കെ .ഇ.ആർ അധ്യായം XXIII ചട്ടം 6 ബി (2) പ്രകാരം ഹൈസ്കൂളിലും, ചട്ടം 6(4) പ്രകാരം പ്രൈമറിയിലും കായികാധ്യാപക തസ്തികകൾ അനുവദിച്ചു നൽകുന്നുണ്ട്. ഹൈസ്കൂളിൽ ഒരു ആഴ്ചയിൽ 5 പീരിഡെങ്കിലും 8, 9 ക്ലാസ്സുകളിൽ ലഭ്യമാകുന്ന സാഹചര്യത്തിലും പ്രൈമറിയിൽ 500 കുട്ടികൾ ഉള്ള യു. പി വിഭാഗത്തിലും കായികാധ്യാപക തസ്തികകൾ നിലവിലുണ്ട്. നിലവിൽ 24.09.2025 തീയതിയിലെ സ.ഉ.(കൈ)നം. 162/202 5/GEdn പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2025- |

| | | | |
|---|---|---|---|
| | | | 2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടം സംഭവിക്കുന്ന കലാ-കായികാധ്യാപകരെ യു.പി വിഭാഗത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:300 ആയി നിലനിർത്തുന്നതിനായി പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |
| (ഡി) | സ്കൂളുകളിൽ കായിക വിദ്യാഭ്യാസം തടസ്സരഹിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ അധ്യാപക തസ്തികൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഓരോ അധ്യയന വർഷാരംഭത്തിലും ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെ. ഇ. ആർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച അദ്ധ്യാപക തസ്തികകൾ നിർണ്ണയിച്ച ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടം സംഭവിക്കുന്ന കലാ-കായികാധ്യാപകരെ നിലനിർത്തുന്നതിനായി യു.പി വിഭാഗത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം പുന:ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(കൈ) നം.162/2025/GEDN തീയതി,തിരുവനന്തപുരം, 24-09-2025

പരാമർശം:-

1. 07.09.2017 ലെ സ.ഉ(കൈ) നം. 111/2017/പൊവിവ സർക്കാർ ഉത്തരവ്
2. 23.07.2019 ലെ സ.ഉ(കൈ) നം.95/2019/പൊവിവ സർക്കാർ ഉത്തരവ്
3. 02.12.2022 ലെ സ.ഉ(കൈ)നം.220/2022/പൊവിവ സർക്കാർ ഉത്തരവ്
4. 13.02.2025 ലെ സ.ഉ(കൈ)നം.30/2025/പൊവിവ സർക്കാർ ഉത്തരവ്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29.08.2025-ലെ DGE/13480/2025-H4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കെ.ഇ.ആർ അദ്ധ്യായം XXIII, ചട്ടം 6(ബി) (2)(എ) പ്രകാരം, യു.പി. വിഭാഗത്തിൽ കായികാധ്യാപക തസ്തിക അനുവദിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 500 കുട്ടികൾ എങ്കിലും ഉണ്ടായിരിക്കണം. ചട്ടം 6(4) പ്രകാരം ഹൈസ്കൂളുകളിൽ, VIII, IX ക്ലാസുകളിലായി ഏറ്റവും കുറഞ്ഞത് 5 പീരീഡ് എങ്കിലും ടൈം ടേബിൾ പ്രകാരം ഉണ്ടെങ്കിൽ മാത്രമാണ് കായികാധ്യാപക തസ്തിക അനുവദിക്കുന്നത്. അപ്പർ പ്രൈമറി സ്കൂളുകളിൽ V, VI, VII ക്ലാസുകളിലായി യഥാക്രമം 2, 2, 1 പീരീഡും VIII, IX ക്ലാസുകളിലായി ഓരോ പീരീഡുമാണ് കായിക വിദ്യാഭ്യാസത്തിനായി മാറ്റി വച്ചിട്ടുള്ളത്.

2. നിലവിലെ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസത്തിന് വളരെയേറെ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയിലുൾപ്പെട്ടതിനാൽ എല്ലാ സ്കൂളുകളിലും കായികാധ്യാപക തസ്തിക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും കായികാധ്യാപക തസ്തികകൾ സംരക്ഷിക്കണമെന്നും കായികാധ്യാപക സംഘടനകൾ ആവശ്യമുന്നയിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ (സർക്കാർ/എയ്ഡഡ്) 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടം സംഭവിക്കുന്ന കലാ-കായികധ്യാപകരെ നിലനിർത്തുന്നതിനായി, താഴെപറയുന്ന നിബന്ധനങ്ങൾക്ക് വിധേയമായി, കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഇളവ് നൽകികൊണ്ട്, 2025-2026 അധ്യയന വർഷം യു.പി വിഭാഗത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:300 ആയി പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

I) യു.പി വിഭാഗത്തിൽ 1:300 എന്ന അനുപാതം കണക്കാക്കുമ്പോൾ തസ്തിക നഷ്ടപ്പെടുന്നവരെ പ്രസ്തുത സ്കൂളിലെ എൽ.പി വിഭാഗം കൂടി ക്ലബ്ബ് ചെയ്ത് സംരക്ഷിക്കേണ്ടതാണ്.

ii) ഹൈസ്കൂൾ വിഭാഗം കലാ-കായിക അദ്ധ്യാപകരുടെ സംരക്ഷണത്തിന് 10-ാം ക്ലാസ്സിലെ പിരിയഡുകളുടെ എണ്ണവും കൂടി പരിഗണിക്കേണ്ടതാണ്.

iii) യു.പി വിഭാഗം കൂടിയുള്ള ഹൈസ്കൂളുകളിൽ, ഹൈസ്കൂൾ വിഭാഗം കലാ-കായിക അദ്ധ്യാപകനെ പ്രസ്തുത സ്കൂളിലെ യു.പി വിഭാഗത്തിൽ കൂടി ക്ലബ്ബ് ചെയ്ത് സംരക്ഷിക്കേണ്ടതാണ്.

iV) അനുപാതം കുറച്ച് സംരക്ഷണം നൽകിയിട്ടുള്ള അദ്ധ്യാപകരെ അവരുടെ കാറ്റഗറിയിൽ തൊട്ടടുത്ത് വരുന്ന ഒഴിവിൽത്തന്നെ ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം സംരക്ഷണം നൽകിയിട്ടുള്ള അദ്ധ്യാപകർ നിലനിൽക്കുമ്പോൾ അവരുടെ കാറ്റഗറിയിൽ സ്ഥിരമായോ, താൽക്കാലികമായോ ഉണ്ടാകുന്ന ഒഴിവുകളിൽ പുതിയ നിയമനം നടത്താൻ പാടില്ല.

V) മേൽപ്പറഞ്ഞ രീതിയിൽ അനുപാതം കുറയ്ക്കുന്നതിലൂടെ സ്കൂളുകളിൽ അധിക തസ്തികകൾ സൃഷ്ടിച്ച് പുതിയ നിയമനം യാതൊരു കാരണവശാലും നടത്താൻ പാടില്ല.
Vi) ഇപ്രകാരം സംരക്ഷണം നല്കി നിലനിർത്തുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സംസ്ഥാനതലത്തിലുള്ള വിശദാംശങ്ങൾ (അദ്ധ്യാപകന്റെ പേര്, സ്കൂൾ, ജില്ല) സംബന്ധിച്ച പട്ടിക പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപഡയറക്ടർമാർക്കും
(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതു വിദ്യാഭ്യാസ (ആർ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ